# ചിറയിൻകീഴ് ബ്ലോക്ക്

# കിഴുവിലം  ഗ്രാമപഞ്ചായത്ത്

# വാർഡ് നമ്പർ 16( പുളിമൂട് )

# <u>സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ</u>

**(07/11/2019)**

ദാരിദ്ര്യ ലഘൂകരണത്തിന് വേണ്ടി കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. 2005 സെപ്റ്റംബർ അഞ്ചിന് തൊഴിലുറപ്പ് പദ്ധതി നിലവിൽ വന്നു. 2006 ഫെബ്രുവരിയിൽ ഇന്ത്യയിലെ 200 ജില്ലകളിൽ കൂടി ഈ പദ്ധതി ആരംഭിച്ചു. 2006ൽ കേരളത്തിൽ വയനാട്, പാലക്കാട് ജില്ലകളിൽ തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചു. 2008ൽ കേരളത്തിലെ എല്ലാ ജില്ലകളിലും തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചു. ഗ്രാമ പ്രദേശങ്ങളിൽ താമസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തിൽ കുറയാതെ പണി ലഭിക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഗ്രാമപ്രദേശങ്ങളിൽ താമസിക്കുന്നതും 18വയസ്സ് പൂർത്തിയായ ഏതൊരു വ്യക്തിക്കും തൊഴിലിനായി അപേക്ഷിക്കാം. സ്ത്രീപുരുഷ ഭേദമില്ലാതെ തുല്യവേതനം നൽകുന്നതും തൊഴിലുറപ്പുപദ്ധതിയുടെ പ്രത്യേകതയാണ്. പരിസ്ഥിതി സംരക്ഷണം, കാർഷിക മേഖല, ഗ്രാമീണ അടിസ്ഥാന സൗകര്യ വികസ.നം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു. തൊഴിലുറപ്പുപദ്ധതിയിൽ ഇടനിലക്കാരോ ഇല്ല സെക്ഷൻ 17(A) പ്രകാരമാണ് സോഷ്യൽ ഓഡിറ്റ് നിലവിൽ വന്നത്. ഫയൽ പരിശോധന, ഫീൽഡ് പരിശോധന, തൊഴിലാളികളുമായി ഉള്ള ആശയവിനിമയത്തിന് ശേഷമാണ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ നടത്തുന്നത്. ഈ ഗ്രാമസഭയിൽ തൊഴിലാളികളിൽ നിന്ന് ഒരാളെയാണ് അധ്യക്ഷയായി തിരഞ്ഞെടുക്കുന്നത്.

## <u>10 അവകാശങ്ങൾ</u>

1. തൊഴിൽ കാർഡിനായി അപേക്ഷിക്കുവാനും 15 ദിവസത്തിനകം ലഭിക്കുവാനുമുള്ള അവകാശം.

2. തൊഴിൽ ആവശ്യപെടുവാനും 15 ദിവസങ്ങൾക്കുള്ളിൽ ലഭിക്കുവാനുമുള്ള അവകാശം.

3. 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം.

4.. ഏറ്റെടുക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്യുവാനുള്ള അവകാശം.

5. താമസസ്ഥലത്തിന്റെ 5km ചുറ്റളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ലഭിച്ചില്ലെങ്കിൽ കൂലിയുടെ 10% അധികമായി ലഭിക്കുവാനുള്ള അവകാശം.

6. കുടിവെള്ളം, തണൽ, പ്രാഥമിക ശുശ്രൂഷ കിറ്റ്, തൊഴിലാളികളോടൊപ്പം അഞ്ചിലധികം കുട്ടികൾ വന്നിട്ടുണ്ടെങ്കിൽ അവരെ നോക്കാനായി ആയ തുടങ്ങിയ പ്രവൃത്തിസ്ഥല സൗകര്യങ്ങൾക്കുള്ള അവകാശം.

7. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി ലഭിക്കാനുമുള്ള അവകാശം.

8. തൊഴിൽ ചെയ്തു 15 ദിവസത്തിനകം കൂലി ലഭിക്കുവാനുള്ള അവകാശം.

9. 15 ദിവസത്തിനകം കൂലി ലഭിച്ചില്ലെങ്കിൽ നഷ്ടപരിഹാരം ലഭിക്കിവാനുള്ള അവകാശം.

10. പരാതികൾക്ക് സമയബന്ധിതമായി പരിഹാരം ലഭിക്കുവാനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെലവ് വരുന്ന തുകയുടെ തത്സമയ സാമൂഹിക പരിശോധന നടത്തുവാനുള്ള അവകാശം.

## ഫയൽ പരിശോധന റിപ്പോർട്ട്

പ്രവൃത്തിയുടെ പേര് : മണ്ണു-ജല സംരക്ഷണം, ഫാം പോണ്ട് കൺസ്ട്രക്ഷൻ

| ഫയൽ നമ്പർ | പ്രവർത്തിയുടെ കോഡ് | തീയതി | | തുക | |
|---|---|---|---|---|---|
| | | ആരംഭിച്ചത് | പൂർത്തിയാക്കിയത് | അനുവദിച്ചത് | ചെലവായത് |
| 88/2018-19 | Dp/262863 | 25/10/18 | 30/01/18 | 4,75,200 | 4,63,421 |
| 97/2018-19 | I F/372420 | 03/12/18 | 24/01/18 | 1,81,000 | 1,68,416 |

മണ്ണ് ജല സംരക്ഷണവുമായി ബന്ധപ്പെട്ട ഒരു ഫയലും ഫാം പോണ്ട് നിർമാണവുമായി ബന്ധപ്പെട്ട ഒരു ഫയലുമാണ് ഞങ്ങൾ പരിശോധിച്ചത്. ഈ വാർഡിൽ 194പേർ തൊഴിൽകാർഡ് എടുത്തിട്ടുണ്ടെങ്കിലും 55 സ്ഥിര തൊഴിലാളികളാണ് ഇപ്പോൾ ഉള്ളത്. ഇവരിൽ ഭൂരിഭാഗം പേർക്കും കഴിഞ്ഞ സാമ്പത്തിക വർഷം 100 ദിവസത്തെ തൊഴിൽ ലഭിച്ചു.ഷാർപനിങ് ചാർജ് 6 രൂപയാണ് നൽകുന്നത്.

♻കവർ പേജ്

AMC പ്രകാരമുള്ള കവർപേജ് ഉണ്ടായിരുന്നുവെങ്കിലും ജിയോ ടാഗിംഗ് ഓഫ് അസറ്റ്, അസറ്റ് ഐഡി, ജിപിഎസ് ലൊക്കേഷൻ എന്നിവ ഇല്ലായിരുന്നു. ഫയൽ നമ്പർ 88/18-19 നമ്പർ ഓഫ് വർക്കിംഗ് അപ്പ്രൂവ്ഡ് ഷെൽഫ് ഓഫ് വർക്ക് ഇല്ലായിരുന്നു.

♻ചെക്ക് ലിസ്റ്റ്

ചെക്ക്‌ലിസ്റ്റ് ഉണ്ടായിരുന്നു.

♻ആക്ഷൻപ്ലാൻ കോപ്പി ഉണ്ടായിരുന്നു.

♻ഭരണാനുമതി ഉണ്ടായിരുന്നു. ഫയൽ നമ്പർ 88/2018-19 ൽ സീൽ ഇല്ലായിരുന്നു.

♻സാങ്കേതിക അനുമതി ഉണ്ടായിരുന്നു.

♻ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ഉണ്ടായിരുന്നു. ജനകീയ ഭാഷയിലല്ലായിരുന്നു.

♻ ഡ്രോയിങ്സ് ആൻഡ് ഡിസൈൻ ഉണ്ടായിരുന്നു.

♻തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള ഫോറം ഉണ്ടായിരുന്നു.

♻തൊഴിൽ അനുവദിച്ചുകൊണ്ടുള്ള ഫോറം ഉണ്ടായിരുന്നു

♻മസ്റ്റർ റോൾ

2ഫയലുകളിലായി 67 മസ്റ്റർ റോളുകൾ ഉണ്ടായിരുന്നു. ചില മസ്റ്റർ റോളിൽ വെട്ടിത്തിരുത്തലുകൾ കാണപ്പെട്ടു (13347-51). ചില മസ്റ്റർ റോളുകളിൽ ആബ്സെന്റ് രേഖപ്പെടുത്താൻ ചുവന്ന മഷി അല്ല ഉപയോഗിച്ചിരിക്കുന്നത്.

♻ ഫയൽ ടാകിംഗ് ഫോം ഉണ്ടായിരുന്നു എന്നാൽ ഒപ്പും സീലും ബന്ധപ്പെട്ട തീയതിയും ഇല്ലായിരുന്നു.

♻മൂല്യനിർണയ സാക്ഷ്യപത്രം ഉണ്ടായിരുന്നു.

♻മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ് ഉണ്ടായിരുന്നു.

♻വേജ് ലിസ്റ്റ് ഉണ്ടായിരുന്നു.

♻FTO ഉണ്ടായിരുന്നു.

♻ത്രീ സ്റ്റേജ് ഫോട്ടോഗ്രാഫ് ഉണ്ടായിരുന്നു.

♻വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഉണ്ടായിരുന്നു.

♻ സൈറ്റ് ഡയറി ഉണ്ടായിരുന്നു.

♻ എം -ബുക്ക് ഉണ്ടായിരുന്നു.

എം -ബുക്ക് പ്രകാരം,

🔴മഴക്കുഴി 28

🔴പണകോരൽ 10

🔴 മണ്ണുകയ്യാല 1

🔴 ഫാം പോണ്ട് 1

IF/372420 എന്ന ഫയലിൽ എം -ബുക്കിലെ തുകയും മസ്റ്റർ റോൾ ലെ തുകയും തമ്മിൽ വ്യത്യാസം ഉണ്ടായിരുന്നു. മസ്റ്റർറോൾ നമ്പർ 19658 ൽ കണക്കു കൂട്ടിയതിൽ തെറ്റുകാണാൻ കഴിഞ്ഞു.

## ഡോർ ടു ഡോർ വെരിഫിക്കേഷൻ

05/11/2019 രാവിലെ 10. 30 മണിക്ക് കൺവീനറുടെ നിർദ്ദേശപ്രകാരം ഇരട്ടകലുങ്കിൽ തൊഴിലാളികൾ വർക്ക് ചെയ്തുകൊണ്ടിരുന്ന സ്ഥലത്ത് എത്തിച്ചേർന്നു. തുടർന്ന് തൊഴിലാളികളെ പരിചയപ്പെട്ടു. ശേഷം പത്ത് അവകാശങ്ങളെ കുറിച്ച് ഒരു ചർച്ച രൂപത്തിൽ തൊഴിലാളികൾക്ക് പറഞ്ഞുകൊടുത്തു. അവർക്ക് 10 അവകാശങ്ങളെ കുറിച്ച് യാതൊരു ധാരണയും ഇല്ലായിരുന്നു. നിലവിൽ മസ്റ്റർ റോൾ ഇല്ലാതെയാണ് അവർ ജോലി ചെയ്യുന്നത്. മുൻപ് പൂർത്തിയാക്കിയ തോട് പണിയുടെ മസ്റ്റർ റോൾ ലഭ്യമായില്ല എന്നും പരാതി പറഞ്ഞു. തൊഴിൽകാർഡ് പരിശോധിച്ചതിൽ തൊഴിൽ ലഭിച്ചതിന്റെ വിവരം ഭാഗികമായി പൂരിപ്പിച്ച് ഇരിക്കുന്നത് കണ്ടു. തൊഴിൽ കാർഡിൽ വെട്ടി തിരുത്തലുകൾ കണ്ടു(രാഗിണി- 33,അനില -6,രമ -2,മല്ലിക- 183,തങ്കമണി -24, ഉഷ -64). പഴയ ശമ്പളം കിട്ടിയിട്ടില്ല പരാതി പറഞ്ഞു. തോട് പണിയിൽ കൈ, കാലുകൾ മുറിഞ്ഞവർ ഉണ്ടായിരുന്നു. ഫസ്റ്റ് എയ്ഡ് ബോക്സ്, കൈയുറ, ബൂട്ട് തുടങ്ങിയവ ഇല്ല, അവ വേണമെന്നും പറഞ്ഞു. ജോലി സമയം കുറയ്ക്കണം ശമ്പളം കൃത്യമായിട്ട് കിട്ടണമെന്നും പരാതി ഉണ്ടായിരുന്നു. 8/11/19 നടത്തുന്ന ഗ്രാമസഭയുടെ വിവരം എല്ലാവരെയും അറിയിച്ചു 11.30ന് കൺവീനർമാരോടൊപ്പം ഫീൽഡ് പരിശോധനയ്ക്ക് ഇറങ്ങി.

## ഫീൽഡ് പരിശോധന റിപ്പോർട്ട്

💠വർക്കിന്റെ പേര്: മണ്ണ് ജലസംരക്ഷണം.

2018 -19 കാലഘട്ടത്തിലെ മണ്ണ് ജലസംരക്ഷണവുമായി ബന്ധപ്പെട്ട ഫയൽ നമ്പർ 88/2018 -19 ൽ 12 സ്വകാര്യവ്യക്തികളുടെ പുരയിടങ്ങളാണ് ഞങ്ങൾക്ക് പരിശോധിക്കാൻ ഉണ്ടായിരുന്നത്. സന്ദർശിച്ച പുരയിടങ്ങളിൽ എല്ലാംതന്നെ കാടുകയറിയ നിലയിലായിരുന്നു. എം - ബുക്ക് പ്രകാരമുള്ള 28 മഴക്കുഴികൾ പുരയിടങ്ങളിൽ ഉണ്ടെന്ന് കൺവീനറിൽ നിന്ന് മനസ്സിലായി. എന്നാൽ പുരയിടങ്ങൾ കാടുകയറിയനിലയിലായിരുന്നതിനാൽ എട്ടു

മഴക്കുഴികൾ മാത്രമേ കാണാൻ സാധിച്ചുള്ളൂ. എട്ടു പണ കോരൽ, ഒരു മണ്ണുകയ്യാല എന്നിവയും കാണാൻ സാധിച്ചു. മഴക്കുഴികളിൽ തെങ്ങുനട്ടിരിക്കുന്നതായി കണ്ടു. സിഐബി ഇല്ലായിരുന്നു.

വർക്കിന്റെ പേര്: ഫാം പോണ്ട് കൺസ്ട്രക്ഷൻ

2018 -19 കാലഘട്ടത്തിലെ ഫാം പോണ്ട് കൺസ്ട്രക്ഷനുമായി ബന്ധപെട്ട് സീതാറാം ഷാ എന്ന സ്വകാര്യ വ്യക്തിയുടെ പുരയിടത്തിൽ ഫാം പോണ്ട് കാണാൻ കഴിഞ്ഞു. മത്സ്യകൃഷിക്ക് വേണ്ടിയാണ് തൊഴിലുറപ്പു പദ്ധതി പ്രകാരം കുളം നിർമ്മിച്ചു നൽകിയത്. എന്നാൽ പരിശോധന നടത്തിയപ്പോൾ കുളം കാടുകയറിയും ഇടിഞ്ഞും കാണപ്പെട്ടു. മത്സ്യകൃഷി പൂർണമായും ചെയ്തിട്ടില്ല എന്നു മനസ്സിലായി. സിഐ ബി കാണാൻ കഴിഞ്ഞില്ല

<u>ഗ്രാമസഭ റിപ്പോർട്ട്</u>

**സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ യോഗം**

**ബ്ലോക്ക് : ചിറയിൻകീഴ്**

**പഞ്ചായത്ത് : കിഴുവിലം**

**<u>വാർഡ് നമ്പർ : 16 (പുളിമൂട്)</u>**

അജണ്ട (തീയതി : **08/11/2019)**

(സമയം : **10.30 am)**

1.ഈശ്വര പ്രാർത്ഥന

2.അധ്യക്ഷയെ തിരഞ്ഞെടുപ്പ്

3.സ്വാഗതം

4.റിപ്പോർട്ട് അവതരണം

5.ചർച്ച

6.തീരുമാനം

7.കൃതജ്ഞത

08-11-2019 കിഴുവിലം ഗ്രാമപഞ്ചായത്തിൽ കൂന്തള്ളൂർ റെസിഡന്റ്സ് അസോസിയേഷനിൽ വെച്ചു കൂടിയ 16-ആം വാർഡ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ കൃത്യം 10:30 ആരംഭിച്ചു . മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2018-19 വർഷത്തിലെ അവലോകനയോഗം ഗ്രാമസഭയിലെ പ്രധാന നിർദ്ദേശങ്ങളും തുടർനടപടികളും ഉൾക്കൊള്ളുന്ന നടപടി കുറിപ്പ്.

തൊഴിലുറപ്പ് പദ്ധതിയിൽ 16-ആം വാർഡിലെ ആകെ 55 സ്ഥിര തൊഴിലാളികളിൽ 49 തൊഴിലാളികൾ ഗ്രാമസഭയിൽ എത്തി.അവരിൽ നിന്നും 100 ദിവസം തൊഴിൽ ചെയ്ത ശ്രീമതി ശ്രീലതയെ അധ്യക്ഷയായി തിരഞ്ഞെടുത്തു. ശേഷം ഗ്രാമസഭ യോഗത്തിന്റെ അജണ്ടയെക്കുറിച്ചും ഗ്രാമസഭയുടെ ആവശ്യകതയെ കുറിച്ചും VRP ഗോപിക ആമുഖം നൽകി. തുടർന്ന് അദ്ധ്യക്ഷ തന്നെ ഈശ്വര പ്രാർത്ഥന ചൊല്ലി യോഗം ആരംഭിച്ചു. സ്വാഗതം പറയുന്നതിനായി A E സുജ മാഡത്തെ ക്ഷണിച്ചു. VRP രോഹിണി പ്രതിജ്ഞ

പറഞ്ഞുകൊടുത്തു, എല്ലാവരും ഏറ്റുപറഞ്ഞു . വാർഡ് മെമ്പർ സുജയ്ക്ക് ഒരു മരണത്തിനു പോകേണ്ടതിനാൽ ആശംസ പ്രസംഗം നടത്തുകയും ചെയ്തു . VRP വിനീഷ്കുമാർ തൊഴിലാളികളുടെ 10 അവകാശങ്ങളെ പറ്റി വളരെ വിശദമായി തൊഴിലാളികൾക്ക് പറഞ്ഞു കൊടുത്തു. അവകാശങ്ങൾ നേടിയെടുക്കാനുള്ള മാർഗങ്ങളും, AE യുടെ നിർദ്ദേശങ്ങളും തൊഴിലാളികൾക്കു സ്വീകാര്യമായിരുന്നു . തുടർന്ന് വി ആർ പി ഗോപിക വെരിഫിക്കേഷന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് അവതരിപ്പിച്ചു.

## ചർച്ച

ഗ്രാമസഭ കരട് റിപ്പോർട്ടിനെ തുടർന്നുണ്ടായ ചർച്ചയിൽ എല്ലാ തൊഴിലാളികളും പങ്കെടുത്തു. കഴിഞ്ഞ സാമ്പത്തിക വർഷം പൂർത്തിയാക്കിയ തോട് പണിയുടെ മസ്റ്റർ റോളുകൾ ഇതുവരെ ലഭിച്ചില്ല എന്നും കൂലി ഇതുവരെ കിട്ടിയില്ല എന്നും തൊഴിലാളികൾ പരാതി പറഞ്ഞു. എസ്റ്റിമേറ്റ് പ്രകാരം ഉള്ള പണി അല്ലാത്തതിനാല് മസ്റ്റർ റോളുകൾ സമയബന്ധിതമായി വിതരണം ചെയ്യാൻ കഴിഞ്ഞില്ല എന്നു AE സുജ മാഡം അറിയിച്ചു. മസ്റ്റർ റോളുകൾ ഇല്ലാതെ ജോലി ചെയ്താലുണ്ടാവുന്ന പ്രശ്നങ്ങളും, മസ്റ്റർ റോളിന്റെ ആവശ്യകതയേയും പറ്റി തൊഴിലാളികൾക്കു വ്യക്തമായ ധാരണ ഇല്ലായിരുന്നു. തൊഴിലിടങ്ങളിൽ വെച്ചു അപകടങ്ങൾ സംഭവിച്ചാൽ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കണമെന്നും തൊഴിലാളിയെ അടുത്തുള്ള സർക്കാർ ആശുപത്രിയിൽ കൊണ്ടുപോകുകയും ചെലവായ തുകയുടെ ബിൽ ഫ്രണ്ട് ഓഫീസ് വഴി പഞ്ചായത്തിൽ നൽകുകയും വേണം എന്നറിയിച്ചു. സ്വകാര്യ വ്യക്തികൾക്ക് മഴക്കുഴികൾ പുരയിടങ്ങളിൽ ചെയുവാൻ താത്പര്യമില്ല, മഴക്കുഴികളിൽ തെങ്ങിൻ തൈ, വാഴ എന്നിവ നട്ടുവളർത്തുന്നതിനാണ് ഉപയോഗിക്കുന്നത്. തൊഴിൽ സ്ഥിരമായി ലഭിക്കുന്നില്ല എന്ന പരാതിയ്ക്കു തൊഴിൽ ആവശ്യപ്പെടുകയും തൊഴിൽ എസ്റ്റിമേറ്റ് പ്രകാരം അനുവദിച്ചാൽ നമ്മുടെ പഞ്ചായത്തിലെ ഏതു വാർഡിലും തൊഴിൽ ചെയ്യാൻ തയാറാകണമെന്നു അറിയിച്ചു. തൊഴിലാളിയായ പ്രഭാകരൻ എന്ന തൊഴിലാളിക്ക് കഴിഞ്ഞ സാമ്പത്തിക വർഷം ചെയ്ത പണിയുടെ പൈസ കിട്ടിയിട്ടില്ല. കാരണം AE വ്യക്തമാക്കി ഒരേ പേരിലുള്ള രണ്ടു തൊഴിലാളികളുടെ തൊഴിൽ കാർഡ് നമ്പർ തെറ്റായി കൊടുത്തതിനാൽ ജോലി ചെയ്യാത്ത വ്യക്തിക്കാണ് പൈസ പോയത്. ആ വ്യക്തി പൈസ എടുത്ത് കൊടുത്തിട്ടില്ല എന്നും കുറച്ചു പൈസ മേറ്റ് കൊടുത്തതായും പറഞ്ഞു. ജോലി സമയം കുറയ്ക്കുക, വേതനം കൂട്ടുക എന്ന ആവശ്യങ്ങൾ ഉന്നയിച്ചു. നമുക്ക് അവകാശങ്ങൾ ഉള്ളതുപോലെ കടമകളും ഉണ്ട്, അവ നിറവേറ്റണം എന്നു VRP മാർ തൊഴിലാളികളെ ഓർമിപ്പിച്ചു. പ്രായമേറിയ അമ്മമാരെയും പരിഗണിക്കണം അതിനനുസരിച്ചു ജോലി ഭാരം നൽകണമെന്നും ആവശ്യപ്പെട്ടു. പ്രായമായവരെ കൂടി ഉൾപ്പെടുത്തി ജോലി ചെയ്യുക എന്ന AE മാഡം പറഞ്ഞു. ശേഷം തൊഴിലാളികൾ ഗ്രാമസഭ റിപ്പോർട്ട് അംഗീകരിക്കുകയും കയ്യടിച്ചു പാസാക്കുകയും ചെയ്തു. കൃതജ്ഞത അക്കൗണ്ടന്റ് ശ്രീജ മാഡം പറഞ്ഞു. ദേശീയഗാനത്തോട് കൂടി 1:30 യോഗം അവസാനിച്ചു

തയ്യാറാക്കിയത്

VRP ജീതു എസ്

VRP ഗോപിക മുരളി എസ്

VRP രോഹിണി ആർ എൽ

VRP വിനീഷ്കുമാർ ജെ എസ്